# സഹകരണത്തിന്റെ സന്ദേശവുമായി ഫ്രറ്റേർണിറ്റി അവാർഡുദാന സമ്മേളനം

സമീർ ഉള്ളേര്യരി




● ഫോറം ഫോർ ഫെയ്ത്ത് ആന്റ് ഫ്രറ്റേർണിറ്റിയുടെ അവാർഡ് ദാന സമ്മേളനം ഇ.ടി മുഹമ്മദ് ബഷീർ എം.പി ഉദ്ഘാടനം ചെയ്യുന്നു

**കോഴിക്കോട്:** പരസ്പരം അകൽച്ചയുണ്ടാക്കാനും ആരോപണങ്ങൾ ഉന്നയിക്കാനും കോളങ്ങൾ ഉപയോഗിക്കുകയും അതുവഴി വിവാദങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന രീതി ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളുടെ പത്രാധിപന്മാർ ഏറെ ഗൗരവത്തോടെ കാണണമെന്ന് ഇ.ടി മുഹമ്മദ് ബഷീർ എം.പി. കൊച്ചി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനയായ ഫോറം ഫോർ ഫെയ്ത്ത് ആന്റ് ഫ്രറ്റേർണിറ്റിയുടെ അവാർഡ്ദാന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇസ്‌ലാമിക പ്രസിദ്ധീകരണ രംഗത്ത് നിലനിൽക്കുന്ന അനഭിലഷണീയ പ്രവണതകൾ തിരുത്തപ്പെടണമെന്നും വിമർശനത്തിലെ മാന്യത കാത്തുസൂക്ഷിക്കാൻ എഴുത്തുകാർ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. തമ്മിൽ സലാം പറയാതിരിക്കുകയും മയ്യിത്ത് നമസ്കാരത്തിൽ വരെ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ മാറുക തന്നെ വേണം. സംഘടനകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിലും പണം വിനിയോഗിക്കുന്നതിലും പാളിച്ചകൾ സംഭവിച്ചിരിക്കുന്നു. ധിഷണാപരമായ മേഖലകളിൽ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്നവരുടെ ആവശ്യകത കൂടി വരുന്ന വർത്തമാന കാലത്ത് ഇസ്‌ലാമിക പ്രത്യയശാസ്ത്രം പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിൽ പ്രസിദ്ധീകരണങ്ങൾക്കുള്ള പങ്ക് വലുതാണ്. ശാസ്ത്രത്തിന്റെ മറവിൽ ആശയങ്ങളും ദൈവനിഷേധവും വിറ്റഴിക്കാൻ ശ്രമിച്ചവർക്ക് കേരളത്തിൽ തടയിട്ടത് ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളാണെന്നും ബഷീർ കൂട്ടിച്ചേർത്തു.

ഖുർആനിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കൽ, മാനവ സൗഹൃദം, മുസ്‌ലിം സാഹോദര്യം, വിമർശനത്തിലെ മാന്യത, അവതരണ ഗാംഭീര്യം എന്നിവ മുഖ്യ മാനദണ്ഡമാക്കി നടത്തിയ അവാർഡ് നിർണയ കമ്മിറ്റിയിൽ പ്രഫ. ഡോ. ബഹാവുദ്ദീൻ കൂരിയാട് (സന്തുഷ്ട കുടുംബം), ടി.കെ അലി അശ്റഫ് (രിസാല), ഇ.കെ.എം പന്നൂർ (വിചിന്തനം), മുജീബുർറഹ്മാൻ കിനാലൂർ (ശബാബ്), മൈലാപ്പൂർ ഷൗക്കത്തലി മൗലവി (അന്നസീം), എ. കമറുദ്ദീൻ മൗലവി (അൽബുസ്താൻ), ടി.കെ ഉബൈദ് (പ്രബോധനം) എന്നിവരാണ് ഉണ്ടായിരുന്നത്.

കെ.സി സലീം- സഹിഷ്ണുതയുടെ സംസ്കാരം, ടി. മുഹമ്മദ് വേളം- മഴവിൽ സമൂഹവും ഇസ്‌ലാമിക പ്രസ്ഥാനവും (പ്രബോധനം), കെ.ടി അൻവർ സാദത്ത്-പ്രവാചകനും ഇതര മതങ്ങളും, സി. മുഹമ്മദ് സലീം സുല്ലമി -ഇസ്‌ലാംമതത്തിന്റെ ദൈവികത (ശബാബ്), ഡോ. അബ്ദുല്ല മണിമ-ഏഴയൽപക്കം മറിഞ്ഞെത്തുന്ന അത്താഴം, എ.കെ അബ്ദുൽ മജീദ്- ആൺകൊതികൾ പൂർത്തീകരിക്കുന്ന പെണ്ണാധിപത്യം (രിസാല), ഹംസ റഹ്മാനി- സ്നേഹ നൊമ്പരങ്ങളുടെ മലപ്പുറം കാഴ്ചകൾ, കെ.ടി സെയ്തലവി -നന്മയാകണം സൗഹൃദങ്ങളിൽ പൂത്തുലയേണ്ടത് (സന്തുഷ്ട കുടുംബം), കെ.എം നൂറുദ്ദീൻ മൗലവി - ഒരു ഗ്രാമപ്രദേശത്തിന്റെ പഠനാർഹ ചരിത്രം (അന്നസീം), പുല്ലമ്പാറ ഷംസുദ്ദീൻ- ഹിജാബിന്റെ രക്തസാക്ഷി (അൽബുസ്താൻ), പ്രഫ. പി. അബ്ദുല്ല - സമൂഹത്തിന്റെ കെട്ടുറപ്പിന്, എ.ഐ അബ്ദുൽ മജീദ് സ്വലാഹി- വിപണന തന്ത്രങ്ങളുടെ കുരുക്കി

ലകപ്പെട്ട ആധുനിക യുവത (വിചിന്തനം) എന്നീ ലേഖനങ്ങളാണ് അവാർഡിനർഹമായത്. 'സിജി' ഡയറക്ടർ ഡോ. കെ.എം അബൂബക്കർ അവാർഡുകൾ വിതരണം ചെയ്തു.

ഇസ്‌ലാമോഫോബിയ എങ്ങനെ നേരിടാം എന്ന വിഷയത്തിൽ നടന്ന സിംബോസിയത്തിൽ ജൂറി അംഗങ്ങൾ പങ്കെടുത്തു. ഇസ്‌ലാമോഫോബിയ എന്ന പദം തന്നെ ഏറെ ദുർബലമാണെന്നും ഇസ്‌ലാം ജനങ്ങളിൽ വേരോടുന്നതിനെയാണ് ഇത്തരക്കാർ ഭയക്കുന്നതെന്നും ഡോ. ബഹാവുദ്ദീൻ കൂരിയാട് പറഞ്ഞു. ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിനു മുന്നിൽ അനാവരണം ചെയ്തും അവ സ്വന്തം ജീവിതത്തിൽ പകർത്തിയുമാണ് ഇതിന് മറുപടി നൽകേണ്ടത്. തികഞ്ഞ അജ്ഞതയും തെറ്റിദ്ധാരണയുമാണ് എതിർപ്പിന്റെ സ്വരങ്ങൾക്കുള്ളതെന്നും ഇത് തിരുത്താൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

സംഘടനകൾ എത്രമാത്രം ബലം പിടിച്ചാലും ഉദ്ബുദ്ധമായ സമൂഹത്തെ പിടിച്ചുകെട്ടാൻ കഴിയില്ലെന്ന് വ്യക്തമായിരിക്കുന്ന കാലത്ത് പൊതുജീവിതത്തെ ഇസ്‌ലാമികവത്കരിക്കൽ മാത്രമാണ് ഇസ്‌ലാമോഫോബിയക്കുള്ള മറുപടിയെന്ന് ടി.കെ അലി അശ്റഫ് പറഞ്ഞു.

ഭിന്നതകൾക്കിടയിലും സംഘടനാ ഭിന്നതകൾക്കിടയിലും ഐക്യപ്പെടേണ്ട വിഷയമാണിതെന്നും, മാന്യമായ നിലപാടിൽ നിലയുറപ്പിച്ച് എതിർക്കുന്നവരുടെ അജ്ഞതയെ ഖുർആൻ കൊണ്ടാണ് പ്രതിരോധിക്കേണ്ടതെന്നും ഇ.കെ.എം പന്നൂർ പറഞ്ഞു. ഇസ്‌ലാമിന്റെ വശീകരണശേഷി മനസ്സിലാക്കിയ ബുദ്ധിജീവികൾ ബോധപൂർവം ഇസ്‌ലാംവിരുദ്ധ വികാരം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. ഖുർആൻ ഭീകരത പരത്തുന്നുവെങ്കിൽ ഏറ്റവും കൂടുതൽ അത് ദൃശ്യമാകേണ്ടത് കേരളത്തിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇസ്‌ലാമോഫോബിയക്ക് ഇസ്‌ലാമിനോളം തന്നെ പഴക്കമുണ്ടെന്നും ഓരോ കാലഘട്ടത്തിലും ഇത്തരം ആവിഷ്കാരങ്ങൾ ഉണ്ടായിട്ടുണ്ടെന്നും മുജീബുർറഹ്മാൻ കിനാലൂർ പറഞ്ഞു. കേരളത്തിലെ ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളുടെ തുടക്കം തന്നെ ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. കുമാരനാശാന്റെ 'ദുരവസ്ഥയിലും' വള്ളത്തോളിന്റെയും വയലാറിന്റെയും കവിതകളിലും ഇസ്‌ലാമിനെ വികലമായി ചിത്രീകരിച്ചതും ഇംഗ്ലീഷ് പുസ്തകങ്ങളുടെ മലയാള വിവർത്തനങ്ങളിൽ ബോധപൂർവം നടത്തുന്ന കടന്നുകയറ്റങ്ങളും അദ്ദേഹം ചൂട്ടിക്കാട്ടി. കുമാരനാശാനോട് വക്കം മൗലവി സ്വീകരിച്ച ഡയലോഗിന്റെ സംസ്കാരമാണ് നാം സ്വീകരിക്കേണ്ടത്– അദ്ദേഹം പറഞ്ഞു.

സാമ്രാജ്യത്വവും സയണിസവും ഫാഷിസവും ഒന്നിച്ച് ചേർന്ന് ഇസ്‌ലാമിനെതിരെ നടത്തുന്ന കൂട്ടായ ഭീതി പടർത്തലിൽ നമ്മുടെ രാജ്യവും വീണിരിക്കുന്നുവെന്നും ഭിന്നതകൾ മാറ്റിവെച്ച് ഒന്നിക്കുകയാണ് ഇതിന്റെ പ്രതിവിധിയെന്നും കെ. കമറുദ്ദീൻ മൗലവി പറഞ്ഞു. തർക്ക വിഷയങ്ങൾ ഒരു മേശക്ക് ചുറ്റുമിരുന്ന് പരിഹരിക്കാൻ പ്രസാധകർ ശ്രമിക്കണം. മതകാര്യങ്ങളിൽ നുഴഞ്ഞുകയറാനുള്ള ശ്രമങ്ങൾക്ക് തടയിട്ട് സമാധാനത്തിലൂടെയുള്ള ബോധവത്കരണവും സംവാദവുമാണ് നാം നടത്തേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ഒരു ദിവസം കൊണ്ടല്ല ഒരു നൂറ്റാണ്ടു കൊണ്ടുപോലും ഇന്നത്തെ അവസ്ഥയിൽ ഇസ്‌ലാമോഫോബിയ ഇല്ലാതാക്കാൻ കഴിയില്ലെന്നും അതിന് ആഴത്തിലുള്ള വേരുകളും ശാഖകളും ഉണ്ടെന്നും ടി.കെ ഉബൈദ് പറഞ്ഞു. ഇടക്കിടെ ഉണ്ടാകുന്ന തീവ്രവാദ ആക്രമണങ്ങളാണ് ഇസ്‌ലാമോഫോബിയയുടെ ഊർജ സ്രോതസ്സ്. സമുദായത്തിൽ യാതൊരു സ്വാധീനവുമില്ലാത്ത തീവ്രവാദക്കാർ അവരുടെ ശത്രുക്കളാൽതന്നെ സ്വാധീനിക്കപ്പെടുന്നുവെന്നതാണ് സത്യം. സമുദായം മൊത്തത്തിൽ തീവ്രവാദികളായി ഗണിക്കപ്പെടാൻ സഹായകമായ ഒരന്തരീക്ഷം മുസ്‌ലിംകൾ തന്നെ സൃഷ്ടിക്കുന്നു എന്നതാണ് വിചിത്രമായ മറ്റൊരു പ്രതിഭാസം. തീവ്രവാദികളെ തിരിച്ചറിയാനും ഒറ്റപ്പെടുത്താനും ശ്രമിക്കുന്നതിന് പകരം തീവ്രവാദത്തെയും ഭീകരവാദത്തെയും കക്ഷിതാൽപര്യങ്ങൾ നേടാനുള്ള ആയുധമായിട്ടാണ് മിക്ക മുസ്‌ലിം സംഘടനകളും സമീപിക്കുന്നത്. തങ്ങളുമായി അഭിപ്രായ വ്യത്യാസമുള്ള സംഘടനകളെ തീവ്രവാദികളായി പരിഗണിക്കുന്ന അവസ്ഥ പൊതുസമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

വ്യത്യസ്തമായ കാഴ്ചപ്പാടുകളെ ആദർശഭിന്നതകളിലും ആശയ വൈരുധ്യങ്ങളാലും തെറ്റിദ്ധരിപ്പിക്കുംവിധത്തിൽ പൊതുജനമധ്യത്തിൽ ചർച്ച ചെയ്യുന്ന രീതി ഇസ്‌ലാമിന് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്നും, വ്യത്യസ്തമായ കാഴ്ചപ്പാടുകളെ പണ്ഡിതസദസ്സുകളിൽ ചർച്ച ചെയ്ത് ഗുണവശങ്ങൾ പരസ്പരം ബോധ്യപ്പെടുത്തി മുന്നോട്ട് പോവണമെന്നും, കേരളത്തിന്റെ പൊതുബോധത്തിൽ വിദ്വേഷവും സംശയവും വളർത്തുന്ന സമകാലിക പ്രവണതകളെ 'നന്മയിൽ സഹകരണം' എന്ന അജണ്ടയിലൂടെ ചെറുക്കണമെന്നും അവാർഡ്ദാന സമ്മേളനത്തിൽ അവതരിപ്പിച്ച നയപ്രഖ്യാപനം വ്യക്തമാക്കി. എം.എസ്.എസ് സംസ്ഥാന പ്രസിഡന്റ് സി.പി കുഞ്ഞുമുഹമ്മദ് അധ്യക്ഷത വഹിച്ചു. ഫ്രറ്റേർണിറ്റി അവാർഡ് പ്രോജക്ട് ഡയറക്ടർ വി.എ മുഹമ്മദ് അശ്റഫ് അവാർഡ് വിശദീകരണം നടത്തി. അവാർഡിനർഹമായ ലേഖനങ്ങളുടെ സമാഹാരം 'സമന്വയം' എം.ഇ.എസ് പ്രസിഡന്റ് ഡോ. ഫസൽ ഗഫൂർ പ്രകാശനം ചെയ്തു.

ഡോ. കെ.ടി ഉസ്മാൻ, മൈലാപ്പൂർ ഷൗക്കത്തലി മൗലവി, സി.എം നജീബ് എന്നിവർ ആശംസകൾ നേർന്നു. കെ.വി മുഹമ്മദ് സക്കീർ സ്വാഗതവും സി.എം.എ റഷീദ് നന്ദിയും പറഞ്ഞു. ■